**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1964** **11-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് പശ്ചാത്തലത്തിൽ നോർക്കയുടെ ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ വിദേശരാജ്യങ്ങളിൽ നിന്നും തിരിച്ചെത്തിയ മലയാളികളിൽ കൃത്യസമയത്ത് തിരികെ ജോലിക്ക് ഹാജരാകാൻ കഴിയാത്തവരെ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ഇവരുടെ ജോലി സംരക്ഷിക്കുന്നതിന് നോർക്ക വകുപ്പിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ വിദേശരാജ്യങ്ങളിൽ നിന്നും നാട്ടിലെത്തിയ പ്രവാസി മലയാളികൾ തിരികെ വിദേശ തൊഴിലിടങ്ങളിലേക്ക് മടങ്ങുന്നതിന് നേരിടുന്ന പ്രശ്നങ്ങൾ യഥാസമയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. വിദേശരാജ്യങ്ങളിൽ നിന്നും തിരിച്ചെത്തിയ മലയാളികളിൽ, തൊഴിൽ ആവശ്യങ്ങൾക്ക് തിരികെ പോകുന്നവർക്ക് വാക്സിനേഷന് മുൻഗണന നൽകുകയും, നാട്ടിൽ വെച്ച് കോവിഡ് വാക്സിനേഷൻ പൂർത്തിയാക്കി യവർക്ക് പാസ്പോർട്ട് നമ്പർ കൂടി ചേർത്ത് വാക്സിനേഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ നാട്ടിലെത്തി ലോക്ക്ഡൗൺ മൂലം തിരിച്ച് പോകാനാകാതെ കുടുങ്ങിക്കിടക്കുന്ന പ്രവാസികളിൽ 72 മണിക്കൂറിനകത്ത് ആർ.ടി.പി.സി.ആർ ടെസ്റ്റ് നെഗറ്റീവ് ആയവർക്ക് തിരികെ പോകുന്നതിനായി നയതന്ത്രചാനൽ വിനിയോഗിച്ച് പരിഹാരം കണ്ടെത്തുവാൻ കേന്ദ്ര വിദേശകാര്യ/ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയങ്ങളോട് അഭ്യർത്ഥിക്കുകയും കോവിഡ്-19 പശ്ചാത്ത ലത്തിൽ, വിവിധ രാജ്യങ്ങളുമായി ഉണ്ടാക്കിയ എയർ ബബിൾ കരാർ സംവിധാനം വഴി മടക്കയാത്രക്കായുള്ള സൗകര്യം ഒരുക്കുകയും ചെയ്തിട്ടുണ്ട് വാക്സിനേഷൻ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട സാങ്കേതിക തകരാറുകൾ പരിഹരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തോടും, വാക്സിൻ അംഗീകാരം സംബന്ധിച്ച പ്രശ്നങ്ങളാലുള്ള യാത്രാ ദുരിതം, വിസ റഗുലറൈസേഷൻ സംബന്ധിച്ച ആശങ്കകൾ എന്നിവക്ക് നയതന്ത്ര ചാനൽ വിനിയോഗിച്ച് പരിഹാരം കണ്ടെത്തുവാൻ വിദേശകാര്യ മന്ത്രാലയത്തോടും ബഹു. പ്രധാനമന്ത്രി, |

| | | | |
|---|---|---|---|
| | | | വിദേശകാര്യ വകുപ്പുമന്ത്രി എന്നിവരോടും അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന വിഷയമല്ലാത്തതിനാൽ നടപടി സ്വീകരിക്കുന്നതിൽ പരിമിതിയുണ്ട്. എന്നാൽ സാധ്യമായ എല്ലാ ഇടപെടലുകളും സർക്കാർ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ